തിരുവനന്തപുരം പബ്ലിക് ലൈബ്രറി

974 [1171] ശ്രീ. കോലിയക്കോട് കൃഷ്ണൻ നായർ:
,, പി. സി. തോമസ് (കടുത്തുരുത്തി):
,, എൻ. ചന്ദ്രശേഖരക്കുറുപ്പ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം പബ്ലിക് ലൈബ്രറിയിൽ അമൂല്യ ഗ്രന്ഥങ്ങളുടെ സംരക്ഷണത്തിനുവേണ്ടി വാങ്ങിയ എയർ കണ്ടീഷണറുകൾക്കും, മൈക്രോഫിലിം യൂണിറ്റിനുംവേണ്ടി എന്തു തുക ചെലവായി;

(ബി) ഈ ഉപകരണങ്ങൾ വർഷങ്ങളായി പ്രവർത്തനരഹിതമാണെന്ന വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) ഈ ഉപകരണങ്ങൾ പ്രവർത്തനരഹിതമായി കിടക്കുന്നത് അന്വേഷിച്ച് ഇതിന് ഏതെങ്കിലും ഉദ്യോഗസ്ഥൻമാർ ഉത്തരവാദികളാണെങ്കിൽ അവരുടെമേൽ നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ഉത്തരം

(എ) മൈക്രോ ഫിലിം യൂണിറ്റ് വാങ്ങിയതിന് 3,63,797 രൂപ 20 പൈസ ചെലവായി. എയർ കണ്ടീഷണറുകൾക്ക് ചെലവായ തുകയുടെ വിവരം പൊതുമരാമത്തു വകുപ്പിൽനിന്നും ശേഖരിച്ചുവരുന്നു.

(ബി, സി) മൈക്രോ ഫിലിം യൂണിറ്റും എയർ കണ്ടീഷണറുകളും പ്രവർത്തനക്ഷമമാണ്.

തിരുവനന്തപുരം പബ്ലിക് ലൈബ്രറിയിലെ അഴിമതികളും ക്രമക്കേടുകളും

975 [1172] ശ്രീ. വി. ജെ തങ്കപ്പൻ:
,, വർക്കല രാധാകൃഷ്ണൻ:
,, വി. കേശവൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം പബ്ലിക് ലൈബ്രറിയിലെ അഴിമതികളും ക്രമക്കേടുകളും ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പബ്ലിക് ലൈബ്രറിയിലെ ക്രമക്കേടുകളെക്കുറിച്ച് അന്വേഷിക്കുന്നതിന് ഉന്നത വിദ്യാഭ്യാസ സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) ഉന്നത വിദ്യാഭ്യാസ സെക്രട്ടറിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ എന്നത്തേക്ക് ലഭ്യമാകുമെന്ന് വ്യക്തമാക്കാമോ;

(ഇ) അന്വേഷണത്തിന് പൊതു ജനങ്ങളിൽനിന്നും തെളിവെടുപ്പ് നടത്തിയിട്ടുണ്ടോ:

(എഫ്) അല്ലെങ്കിൽ അതിനവസരം ഉണ്ടാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ജി) പബ്ലിക് ലൈബ്രറിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുവേണ്ടി നിലവിലുള്ള കമ്മറ്റി പിരിച്ചുവിട്ട് സാഹിത്യസാംസ്കാരിക ഗ്രന്ഥാലയ പ്രവർത്തനത്തിൽ താൽപ്പര്യമുള്ളവരും, ലൈബ്രറി അംഗങ്ങളും തെരഞ്ഞെടുക്കുന്നവരും അടങ്ങിയ ഒരു ഉപദേശകസമിതി രൂപീകരിക്കുന്ന കാര്യം ഗവൺമെൻറ് അടിയന്തിരമായി പരിഗണിക്കുമോ?

ഉത്തരം

(എ) ക്രമക്കേടുകളെപ്പറ്റി ചില പരാതികൾ കിട്ടിയിട്ടുണ്ട്.

(ബി, സി, ഡി) ഉന്നതവിദ്യാഭ്യാസ സെക്രട്ടറി അന്വേഷിക്കുകയും ആവശ്യമായ നിർദ്ദേശങ്ങൾ ലൈബ്രേറിയനു നൽകുകയും ചെയ്തിട്ടുണ്ട്.

(ഇ, എഫ്) അതിന്റെ ആവശ്യം ഇല്ല.

(ജി) പബ്ലിക് ലൈബ്രറി കമ്മറ്റി പുനഃസംഘടിപ്പിക്കുന്ന കാര്യം ഗവൺമെൻറിന്റെ സജീവ പരിഗണനയിലാണ്.

സംസ്കൃതം ഹാൻഡ് ബുക്ക്

976 [1173] ശ്രീ. പി. കുമാരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്കൃതം ഹാൻഡ് ബുക്ക് തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നാണിത് തയ്യാറാക്കിയത്;

(സി) ഹാൻഡ് ബുക്ക് പ്രസിദ്ധീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) ഈ അദ്ധ്യയനവർഷം തന്നെ ഹാൻഡ് ബുക്കുകൾ പ്രസിദ്ധീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1982-ൽ

(സി) പാഠ്യപദ്ധതി നവീകരണത്തിന്റെ ഭാഗമായി അവയുടെ പുനഃപരിശോധന ആവശ്യമായി വന്ന സാഹചര്യത്തിൽ ഹാൻഡ് ബുക്ക് അച്ചടിച്ച് പ്രസിദ്ധീകരിക്കാനുള്ള നടപടികൾ എടുത്തില്ല.

(ഡി) വളരെ അടുത്ത ഭാവിയിൽത്തന്നെ എല്ലാ പാഠപുസ്തകങ്ങളും മാറുന്നതുകൊണ്ട് നിലവിലിരിക്കുന്ന പാഠപുസ്തകങ്ങളുടെ ഹാൻഡ് ബുക്കുകൾ അച്ചടിക്കുന്നത് ഒരു പാഴ് ചിലവായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly